# കേരള സർവകലാശാല

നം.പി.ആർ.201/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

2018 സെപ്റ്റംബർ 25 ന് ആരംഭിക്കാനിരുന്ന രണ്ടാം വർഷ എം.എ/എം.കോം പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷകൾ 2019 ജനുവരിയിലേയ്ക്ക് മാറ്റിയിരിക്കുന്നു. ടൈംടേബിൾ പിന്നീട് അറിയിക്കും.

### പി.ജി ഓൺലൈൻ രജിസ്ട്രേഷൻ സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റ് ഇന്ന്

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ/സെന്ററുകൾ എന്നിവിടങ്ങളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് സ്പോർട്സ് ക്വാട്ട പ്രവേശനത്തിനുള്ള (2018–19) റാങ്ക് ലിസ്റ്റ് അതാത് കോളേജുകളിലെ നോട്ടീസ് ബോർഡിൽ ഇന്ന് (12.09.2018) പ്രസിദ്ധീകരിക്കും. പരാതികൾ 14.09.2018 നകം പ്രൻസിപ്പലിനെ അറിയിക്കാവുന്നതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### പി.ജി ഓൺലൈൻ രജിസ്ട്രേഷൻ കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് ഇന്ന്

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിനുള്ള (2018–19) റാങ്ക് ലിസ്റ്റ് അതാത് കോളേജുകളിലെ നോട്ടീസ് ബോർഡിൽ ഇന്ന് (12.09.2018) പ്രസിദ്ധീകരിക്കും. പരാതികൾ 14.09.2018 നകം പ്രിൻസിപ്പലിനെ അറിയിക്കാവുന്നതാണ്. അന്തിമ റാങ്ക് പട്ടിക 15.09.2018 ന് കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കും. 24.09.2018 ന് അഡ്മിഷൻ നടക്കും.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### പരീക്ഷാഫീസ്

2018 ഒക്ടോബർ 26 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എഡ് (റഗുലർ/സപ്ലിമെന്ററി – 2015 സ്കീം) പരീക്ഷയ്ക്ക് പിഴ കൂടാതെ സെപ്റ്റംബർ 26 വരെയും 50 രൂപ പിഴയോടെ സെപ്റ്റംബർ 28 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 1 വരെയും ഫീസടച്ച് ഓൺലൈൻ രജിസ്ട്രേഷൻ നടത്താം. ഓൺലൈൻ രജിസ്ട്രേഷൻ സെപ്റ്റംബർ 17 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഇൻ്റർവ്യൂ മാറ്റി

2018 – 2019 വർഷത്തേക്കുള്ള എംഫിൽ ഇസ്ലാമിക് ഹിസ്റ്ററി, എംഫിൽ ഹ്യൂമൻ റൈറ്റ്സ് (സി.എസ്.എസ്) അഡ്മിഷന് വേണ്ടി സെപ്റ്റംബർ 12 ന് നടത്താനിരുന്ന ഇൻ്റർവ്യൂ സെപ്റ്റബർ 14 ലേക്ക് മാറ്റിയിരിക്കുന്നു.

## സമ്പർക്ക ക്ലാസ്

വിദൂര വിദ്യാഭ്യാസ പഠന വകുപ്പ് രണ്ടാം സെമസ്റ്റർ എം.എ ഹിന്ദി വിദ്യാർത്ഥികൾക്ക് സെപ്റ്റംബർ 15 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ കാര്യവട്ടം ക്യാമ്പസിൽ സമ്പർക്ക ക്ലാസ് ഉണ്ടായിരിക്കും. ഒന്നും, രണ്ടും സെമസ്റ്ററുകളിലെ അസൈൻമെൻ്റ്, കേസ് സ്റ്റഡി എന്നിവ അന്നേ ദിവസം ക്യാമ്പ് ഓഫീസിൽ സ്വീകരിക്കുന്നതാണ്.

## വാനനിരീക്ഷണത്തിന് അവസരം

എല്ലാ പ്രവൃത്തി ദിവസങ്ങളിലും പൊതു ജനങ്ങൾക്കും വിദ്യാർത്ഥികൾക്കും വാനനിരീക്ഷണത്തിനുള്ള സൗകര്യം സർവകലാശാല ഒബ്സർവേറ്ററിയിൽ ഒരുക്കിയിട്ടുണ്ട്. ഈ ആഴ്ച ശുക്രൻ, ചൊവ്വ, ശനി, വ്യാഴം എന്നീ ഗ്രഹങ്ങളും ടോളമി ക്ലസ്റ്റർ, ബട്ടർ ഫ്ളൈ ക്ലസ്റ്റർ എന്നീ നക്ഷത്ര സമൂഹങ്ങളുമാണ് പ്രധാന ആകർഷണം. സമയം 6.45 PM മുതൽ 8.30 PM വരെ. ടിക്കറ്റ് നിരക്ക് 25 രൂപ. സ്കൂൾ കുട്ടികൾക്ക് 10 രൂപ. ഫോൺ: 0471 – 2303732

## ഇൻ്റർ കൊളീജിയറ്റ് അക്വാട്ടിക് ചാംപ്യൻഷിപ്പ്

കേരള സർവകലാശാലയുടെ ഈ വർഷത്തെ ഇൻ്റർ കൊളീജിയറ്റ് അക്വാട്ടിക് ചാംപ്യൻഷിപ്പ് സെപ്റ്റംബർ 11 ന് കാര്യവട്ടത്തെ എൽ.എൻ.സി.പി.ഇ ക്യാംപസിൽ നടന്നു. സർവകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ ചുമതല വഹിക്കുന്ന ഡോ.ജയരാജൻ ഡേവിഡ് അദ്ധ്യക്ഷത വഹിച്ച ചടങ്ങ് സായി ദക്ഷിണ മേഖല ഡയറക്ടറും എൽ.എൻ.സി.പി.ഇ പ്രിൻസിപ്പളുമായ ഡോ.ജി കിഷോർ ഉദ്ഘാടനം ചെയ്തു. 35 കോളേജുകളിൽ നിന്നുള്ള നീന്തൽ താരങ്ങൾ പങ്കെടുക്കുന്ന മത്സരങ്ങൾ സെപ്റ്റംബർ 11, 12 തീയതികളിൽ നടക്കുന്നു. സെപ്റ്റംബർ 11 ന് നടന്ന മത്സരഫലങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

## പി.ജി. പ്രവേശനം, 2018– ഒന്നാം അലോട്ട്മെൻ്റ് പ്രസിദ്ധീകരിച്ചു

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ കോളേജുകളിലെയും യു.ഐ.ടി.കളിലേയും 2018–19 അദ്ധ്യയന വർഷത്തെ ബിരുദാനന്തരബിരുദ (പി.ജി.) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനുള്ള ഒന്നാം അലോട്ട്മെൻ്റ് പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പർ, പാസ്വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് വിദ്യാർത്ഥികൾക്ക് തങ്ങളുടെ അലോട്ട്മെൻ്റ് (http://admissions.keralauniversity.ac.in) പരിശോധിക്കാവുന്നതാണ്. അലോട്ട്മെൻ്റ് ലഭിച്ച അപേക്ഷകർ സെപ്തംബർ 12–നകം ഓൺലൈനായോ അല്ലാത്ത പക്ഷം അഡ്മിഷൻ ഫീസ് ഒടുക്കുന്നതിനുള്ള ചലാൻ ഡൗൺലോഡ് ചെയ്ത് എസ്.ബി.ഐ.യുടെ ഏതെങ്കിലും ശാഖയിൽ ഫീസ് ഒടുക്കുകയോ ചെയ്ത ശേഷം ജേർണൽ നമ്പർ വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) നൽകി തങ്ങളുടെ സീറ്റ് ഉറപ്പാക്കേണ്ടതാണ്. ഫീസ് അടച്ച വിവരം (ജേർണൽ നമ്പർ, തുക, ഫീസൊടുക്കിയ തീയതി, ശാഖ മുതലായവ)

വെബ്സൈറ്റിൽ രേഖപ്പെടുത്താത്ത അപേക്ഷകരുടെ അലോട്ട്മെന്റ് നഷ്ടപ്പെടുകയും തുടർന്നുള്ള അലോട്ട്മെന്റുകളിൽ യാതൊരു കാരണവശാലും പരിഗണിക്കുന്നതുമല്ല. ഹയർ ഓപ്ഷനുകൾ ആവശ്യമില്ലാത്തവർ സെപ്തംബർ 12-നകം അവ നീക്കം ചെയ്യേണ്ടതാണ്. രണ്ടാം ഘട്ട അലോട്ട്മെന്റിന് ശേഷം മാത്രം കോളേജുകളിൽ പ്രവേശനം നേടിയാൽ മതിയാകും. പ്രവേശനം സംബന്ധിച്ച വിശദമായ അറിയിപ്പ് അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

തിരുവനന്തപുരം.
11.09.2018



പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**